1265/VAST/ADMIN/AS/VOL.1/061 1.08.2017

# Circular

## MCM Scholarship 2017-18

1. A copy of Directorate of Technical Education notification dated 09.6.17 is forwarded for information,guidelines & compliance of students concerned. For more details visit www.scholarships.gov.in

2. Printed copy of online application should be submitted to admin office along with the following documents immediately after completion of online submission but not later than 20 Aug 2017.Late submission will not be accepted.

   a) Photograph of student with signature.
   b) One self attested copy of qualifying exam certificate.
   c) An income certificate from the revenue authority.
   d) Caste Certificate.
   e) Institution Verification form duly filled.
   f) Proof of permanent residence/Nativity Certificate.
   g) A receipt in acknowledgement of the scholarship in the previous year(For renewal Only).
   h) Self attested copy of Aadhar Card.
   i) Self attested copy of bank passbook showing bank account along with IFSC code number.

Principal

To

All HoDs: For placing in Department Notice Board

| CE | CSE | ECE | EEE | ME | PE | MCA | M.Tech |
|---|---|---|---|---|---|---|---|
| | | | | | | | |

First Year class rooms – To read

Notice Boards

# കേരള സർക്കാർ

## സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറേറ്റ്

## മെറിറ്റ്-കം-മീൻസ് സ്കോളർഷിപ്പ് 2017-18

കേന്ദ്ര സർക്കാരിന്റെ ന്യൂനപക്ഷ ക്ഷേമകാര്യ മന്ത്രാലയം കേരളത്തിലെ ന്യൂനപക്ഷ സമുദായങ്ങളിൽപ്പെട്ട (ക്രിസ്ത്യൻ, മുസ്ലീം, സിക്ക്, പാഴ്സി, ബുദ്ധ, ജൈനർ) വിവിധ പ്രൊഫഷണൽ കോഴ്സുകളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് 2017-18 അദ്ധ്യയന വർഷത്തിൽ നൽകുന്ന മെറിറ്റ്-കം-മീൻസ് സ്കോളർഷിപ്പിനുള്ള (Fresh & Renewal) ഓൺലൈൻ അപേക്ഷ ക്ഷണിയ്ക്കുന്നു. അപേക്ഷകർ താഴെ പറയുന്ന നിർദ്ദേശങ്ങൾ കർശനമായി പാലിച്ചുകൊണ്ട് ഓൺലൈനായി നിശ്ചിത തീയതിയ്ക്കകം അപേക്ഷ നൽകേണ്ടതാണ്.

1) അപേക്ഷകർ ന്യൂനപക്ഷ സമുദായങ്ങളായ ക്രിസ്ത്യൻ, മുസ്ലിം, സിക്ക്, പാഴ്സി, ബുദ്ധ, ജൈന സമുദായങ്ങളൊന്നിൽപ്പെട്ടവരായിരിക്കണം
2) അപേക്ഷകർ കേരള സംസ്ഥാനത്തിൽ ജനിച്ചവരായിരിക്കണം.
3) അപേക്ഷകർ കേന്ദ്രസർക്കാർ അംഗീകരിച്ച പട്ടിക പ്രകാരമുള്ള ഏതെങ്കിലും സാങ്കേതിക /പ്രൊഫഷണൽ കോഴ്സിന് പഠിയ്ക്കുന്ന ആളായിരിക്കണം.
4) അപേക്ഷകരുടെ കുടുംബ വാർഷിക വരുമാനം 2.50 ലക്ഷം രൂപയിൽ കവിയാൻ പാടില്ല.
5) ഹയർ സെക്കണ്ടറി/ബിരുദ തലത്തിൽ അൻപതു ശതമാനം മാർക്ക് വാങ്ങിയിരിക്കണം. ഒന്നാം വർഷം പ്രൊഫഷണൽ ഡിഗ്രി തലത്തിൽ പഠിയ്ക്കുന്നവർക്ക് +2 നു കിട്ടിയ മാർക്ക ിനെ അടിസ്ഥാനമാക്കിയാണ് സ്കോളർഷിപ്പ് നൽകുന്നത്. ഡിഗ്രി തലത്തിൽ കിട്ടിയ മൊത്തം മാർക്കാണ് പി.ജി. തലത്തിൽ സ്കോളർഷിപ്പിന് കണക്കാക്കുന്നത്. മൊത്തം മാർക്കിൽ വ്യതിയാനം സംഭവിച്ചാൽ അത്തരം അപേക്ഷകൾ മറ്റ് കാരണങ്ങൾ കൂടാതെ നിരസിയ്ക്കുന്നതായിരിക്കും.
6) അപേക്ഷകൻ ഇപ്പോൾ പഠിയ്ക്കുന്ന കോഴ്സിന് മറ്റ് യാതൊരുവിധ സ്കോളർഷിപ്പോ സ്റ്റൈപ്പന്റോ സ്വികരിയ്ക്കുവാൻ പാടില്ല.
7) അപേക്ഷകർക്ക് ഐ.എഫ്.എസ്.സി. കോഡ് ഉള്ള ദേശസാൽകൃത ബാങ്കുകളിൽ ഏതെങ്കിലും ഒന്നിൽ സ്വന്തം പേരിൽ ബാങ്ക് അക്കൗണ്ട് ഉണ്ടായിരിക്കണം.
8) ഒരു കുടുംബത്തിൽപ്പെട്ട രണ്ടിൽ കൂടുതൽ കുട്ടികൾക്ക് ഒരേ സമയം ഈ സ്കോളർഷിപ്പിന് അർഹത ഉണ്ടായിരിക്കുന്നതല്ല.

9) സ്കോളർഷിപ്പ് സംബന്ധിച്ച കൂടുതൽ വിവരങ്ങൾ National Scholarship Webportal www.scholarships.gov.in ൽ ലഭ്യമാണ്. കൂടാതെ www.minorityaffairs.gov.in എന്ന ന്യൂനപക്ഷ ക്ഷേമ മന്ത്രാലയത്തിന്റെ വെബ്സൈറ്റിലും മെറിറ്റ് കം-മീൻസ് സ്കോളർഷിപ്പിന് അപേക്ഷിയ്ക്കാനുള്ള ലിങ്ക് ലഭ്യമാണ്.

10) സ്കോളർഷിപ്പ് നൽകുന്നത് കേന്ദ്ര ഗവൺമെന്റിന്റെ നിബന്ധനകൾക്ക് വിധേയമായിട്ടായിരിക്കും. ഓൺലൈൻ അപേക്ഷകൾ മാത്രമേ പരിഗണിയ്ക്കുകയുള്ളു. മാന്വൽ അപേക്ഷകൾ ഒരു കാരണവശാലും പരിഗണിക്കുകയില്ല. ഓൺലൈൻ അപേക്ഷകളുടെ (Fresh/Renewal) പ്രിന്റഡ് കോപ്പികൾ ഈ ഓഫീസിലേയ്ക്ക് അയയ്ക്കേണ്ടതില്ല.

11) പുതുതായി സ്കോളർഷിപ്പിന് അപേക്ഷിക്കുന്നവർക്ക് നിലവിലെ അവസാന തീയതി ആയ 2017 ആഗസ്റ്റ് മാസം 31-ാം തീയതി വരെ അപേക്ഷ സമർപ്പിക്കാവുന്നതാണ്. നിലവിലെ സ്കോളർഷിപ്പ് പുതുക്കുന്നതിനുള്ള അപേക്ഷകൾ 2017 ജൂലൈ മാസം 31-ാം തീയതി വരെ നൽകാവുന്നതാണ്. കഴിഞ്ഞ വർഷം സ്കോളർഷിപ്പ് ലഭിച്ചവർ നിർബന്ധമായും പുതുക്കലിന് മാത്രമാണ് അപേക്ഷിക്കേണ്ടത്.

12) മുൻവർഷം സ്കോളർഷിപ്പിന് അപേക്ഷിച്ച് അനുമതി (Sanction) ലഭിച്ചിട്ടും ബാങ്ക് അക്കൗണ്ട് വഴി തുക ലഭിക്കാത്ത അപേക്ഷകർ ഈ വർഷം പുതുക്കലിനാണ് (Renewal) അപേക്ഷ നൽകേണ്ടത്. പുതുക്കലിന് പകരം പുതിയതായി അപേക്ഷിച്ചാൽ അപേക്ഷ നിരസിക്കുന്നതാണ്.

13) അപേക്ഷകർക്ക് നിർബന്ധമായും ആധാർ കാർഡ് ഉണ്ടായിരിക്കണം. ആധാർ കാർഡ് അപേക്ഷയോടൊപ്പം നൽകുന്ന ബാങ്ക് അക്കൗണ്ടുമായി ലിങ്ക് ചെയ്തിരിക്കണം. ഇത്തരത്തിൽ ആധാർ നമ്പർ ബാങ്ക് അക്കൗണ്ടുമായി ലിങ്ക് ചെയ്യുന്നത് തുക വിതരണം ചെയ്യുന്ന നടപടി ത്വരിതമാക്കുന്നതാണ്.

13) തെറ്റായതോ, വാസ്തവ വിരുദ്ധമായതോ ആയ വിവരങ്ങൾ നൽകുന്നവരുടെ അപേക്ഷകൾ യാതൊരു കാരണവശാലും പരിഗണിക്കുന്നതല്ല.

കൂടുതൽ വിവരങ്ങൾക്ക് 9497723630, 0471 2561214 എന്നീ ഫോൺ നമ്പരുകളിൽ ബന്ധപ്പെടാവുന്നതാണ്.

OFFICE OF THE DIRECTOR OF TECHNICAL EDUCATION
KERALA STATE
Thiruvananthapuram
Pin-695 023

സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടർ &
സ്റ്റേറ്റ് നോഡൽ ഓഫീസർ, കേരളം (എം.സി.എം.)

എസ്.09.06.2017